**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2560** **23-02-2026 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി സേവന വിതരണ മേഖലയിലെ ചട്ടങ്ങൾക്ക് ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി സേവന-വിതരണ മേഖലയിലെ നിലവിലെ ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കെ.എസ്.ഇ.ബി-യിൽ നിന്നും സംസ്ഥാ നത്തെ മറ്റ് വിതരണ ലൈസൻസികളിൽ നിന്നും ഉപഭോക്താക്കൾക്ക് ലഭിക്കേണ്ടുന്ന വിവിധ സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ചുകൊണ്ട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2015-ൽ തന്നെ ചട്ടങ്ങൾ {Kerala State Electricity Regulatory Commission (Standards of Performance of Distribution Licensees) Regulations 2015} പുറപ്പെടുവിച്ചിരുന്നു. സേവനം ലഭ്യമാക്കുന്നതിനുള്ള സമയ പരിധിയിൽ കാതലായ മാറ്റങ്ങൾ വരുത്തി, ടി ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടങ്ങൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 03.02.2026-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 57 പ്രകാരം വൈദ്യുതി വിതരണ ലൈസൻസിയുടെ പ്രവർത്തനത്തിന്റെ മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്ന കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (സ്റ്റാൻഡേർഡ്സ് ഓഫ് പെർഫോമൻസ് ഓഫ് ഡിസ്ട്രിബ്യൂഷൻ ലൈസൻസീസ്) റഗുലേഷൻസ്, 2015, ഡിസംബർ 15, 2015-ൽ പ്രസിദ്ധീകരിച്ചിരുന്നു. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഇലക്ട്രിസിറ്റി (റൈറ്റ്സ് ഓഫ് കൺസ്യൂമേഴ്സ്) റൂൾസ്, 2020-ൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത റൂൾസിന്റെ കൂടി അടിസ്ഥാനത്തിൽ കെ.എസ്.ഇ. ആർ.സി (സ്റ്റാൻഡേർഡ്സ് ഓഫ് പെർഫോമൻസ് ഓഫ് ഡിസ്ട്രിബ്യൂഷൻ ലൈസൻസീസ്) (ഒന്നാം ഭേദഗതി) റഗുലേഷൻസ്, 2026-ന്റെ കരട് ഫെബ്രുവരി 03, 2026-ന് കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | കരടിന്റെ പൊതുതെളിവെടുപ്പ് ഫെബ്രുവരി 25, 2026 11:00 മണിക്ക് ഓൺലൈൻ മുഖാന്തിരം നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.<br><br>ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്, ഉപഭോക്തൃ സൗഹൃദം, വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ചട്ടങ്ങൾ കരട് റഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ സേവനങ്ങൾ ലൈസൻസി കൂടുതൽ വേഗത്തിൽ നൽകുന്നതിനായി പരമാവധി സമയക്രമത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത കരട് പ്രകാരം ഉപഭോക്താക്കൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെടുന്നതിനായി ഒരു പ്രത്യേക ഓൺലൈൻ പോർട്ടൽ ഒരുക്കുന്നതാണ്. ഇതിലൂടെ അപേക്ഷ സമർപ്പിച്ചതിന്റെ അംഗീകാരം, അപേക്ഷയുടെ പ്രോസ്സസിംഗ് ഘട്ടങ്ങൾ, എടുത്ത തീരുമാനം, ഉപഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടെ അപേക്ഷയുടെ നില പൂർണ്ണമായി പിന്തുടരാനുള്ള സൗകര്യം ലഭ്യമാകും. കൂടാതെ ഓട്ടോമാറ്റിക്ക് നഷ്ടപരിഹാരം നൽകുന്നതിലേക്കുള്ള സംവിധാനവും (ചട്ടം14എ) ഡ്രാഫ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട് വിതരണ ലൈസൻസിയുടെ നിശ്ചിത സേവനങ്ങളിലെ വീഴ്ചകൾ ലൈസൻസി സ്വയം കണ്ടെത്തി ഉപഭോക്താവ് പ്രത്യേകമായി അപേക്ഷ നൽകേണ്ടതില്ലാതെ തന്നെ നഷ്ടപരിഹാരം ലഭ്യമാക്കുന്നതാണ്. ഇതോടൊപ്പം വിവിധ സേവന നിലവാരങ്ങളുടെ ലംഘനത്തിന് നൽകുന്ന നഷ്ടപരിഹാര തുകകൾ ഷെഡ്യൂൾ- 1 പ്രകാരം പുതുക്കി വർദ്ധി പ്പിച്ചിട്ടുണ്ട്. കൂടാതെ, എല്ലാ ഉപഭോക്താ ക്കൾക്കും 24x7 തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനും (ചട്ടങ്ങൾ 1എ, 1ബി) ക്രമേണ ഡീസൽ ജനറേറ്റർ സെറ്റുകൾ പ്രവർത്തിപ്പിക്കേണ്ട സാഹചര്യം ഒഴിവാക്കി വിശ്വസനീയമായ വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനും (ചട്ടങ്ങൾ 1എ, 1ബി) ക്രമേണ ഡീസൽ ജനറേറ്റർ സെറ്റുകൾ പ്രവർത്തിപ്പിക്കേണ്ട സാഹചര്യം ഒഴിവാക്കി വിശ്വസനീയമായ വൈദ്യുതി വിതരണം ഉറപ്പാക്കുകയും പരിസ്ഥിതി സൗഹൃദത്വം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനും ആവശ്യമായ ചട്ടങ്ങൾ കരട് റഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കരട് ചട്ടങ്ങൾ വിജ്ഞാപനം ചെയ്യേണ്ട ആവശ്യകത, പ്രസ്തുത കരട് റഗുലേഷനോടൊപ്പമുള്ള വിശദീകരണ കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വൈദ്യുത ഉപഭോക്താക്കൾക്ക് നിർദിഷ്ട സമയത്തിനുള്ളിൽ സേവനം ലഭ്യമാക്കുന്നതിൽ കെ.എസ്.ഇ.ബി. പരാജയപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നിർദിഷ്ട സമയത്തിനുള്ളിൽ സേവനം ലഭ്യമാക്കു ന്നതിൽ കെ.എസ്.ഇ.ബി പരാജയപ്പെട്ടാൽ നഷ്ട പരിഹാരം നൽകുന്നതിന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച Standards of Performance of Distribution Licensees regulations 2015 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ എല്ലാ വൈദ്യുതി സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (സി) | വൈദ്യുത ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം വിതരണ ലൈസൻസികളിൽ നിന്ന് ലഭ്യമാക്കുന്നത് ഉറപ്പാക്കുന്ന രീതിയിൽ ചട്ടം സമഗ്രമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഇലക്ട്രിസിറ്റി (റൈറ്റ്സ് ഓഫ് കൺസ്യൂമേഴ്സ്) റൂൾസ്, 2020-ൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത റൂൾസിന്റെ കൂടി അടിസ്ഥാനത്തിൽ കെ.എസ്.സി.ആർ.സസി (സ്റ്റാൻഡേർസ് ഓഫ് പെർഫോർമൻസ് ഓഫ് ഡിസ്ട്രിബ്യൂഷൻ ലൈസൻസീസ്) ഒന്നാം ഭേദഗതി റഗുലേഷൻസ്, 2026 ന്റെ കരട് 3.2.2026-ന് കമ്മീഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത കരട് പൊതുജന തെളിവെടുപ്പിനു ശേഷം ആവശ്യമായ ഭേദഗതികളോടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ